**ME 301**

Sl. No.

# SSLC MODEL EXAMINATION, FEBRUARY - 2024

## MALAYALAM

First Language - Paper I

Time : 1½ Hours | Total Score : 40

**നിർദ്ദേശങ്ങൾ :**

- ആദ്യത്തെ **15** മിനിട്ട് സമാശ്വാസ സമയമാണ്.
- ഈ സമയം ചോദ്യങ്ങൾ വായിക്കുന്നതിനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യുന്നതിനും ഉപയോഗിക്കാവുന്നതാണ്.
- നിർദ്ദേശങ്ങളും ചോദ്യങ്ങളും അനുസരിച്ച് മാത്രം ഉത്തരം എഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം, എന്നിവ പരിഗണിക്കണം

---

**1 മുതൽ 5 വരെയുള്ള ചോദ്യങ്ങളിൽ 4 എണ്ണത്തിന് ശരിയുത്തരം തിരഞ്ഞെടുത്തെഴുതുക.** **Score 4x1=4**

1. "മായാമയമായ് പരിണാമിയായോരു
കായം വികാരിയായുള്ളൊന്നിതധ്രുവം"
കായം എന്ന പദത്തിന് സന്ദർഭത്തിൽ യോജിച്ച അർഥം ഏത് ?
   * വികാരം
   * ശരീരം
   * മായ
   * ഔഷധം

2. "ആ ആത്മക്ഷതങ്ങൾ സ്വന്തം കഥാപാത്രങ്ങൾക്കും വീതിച്ചു കൊടുക്കുന്നു, അല്ലേ ?"
**(ആത്മാവിന്റെ വെളിപാടുകൾ)**
ഈ പ്രസ്താവന താഴെകൊടുത്തിരിക്കുന്നവയിൽ ആർക്കാണ് യോജിക്കുക ?
ദസ്തയേവ്സ്കി
മെത്രാൻ
അന്ന
ജൂലിയാന

3. "അതെല്ലാം എരിവും പുളിയും ചേർത്തു പകർത്തി അയച്ച ആ 'ഷ്കോൾക്കുട്ടി'-യാണ് തന്റെ മുൻപിൽ നിൽക്കുന്നതെന്ന് ആ മാന്യൻ അറിയുന്നില്ല"
**(ഞാൻ കഥാകാരനായ കഥ)**
'എരിവും പുളിയും' എന്ന ശൈലിയ്ക്ക് യോജിക്കാത്തത് ഏത് ?
   * ഭാവനയിൽ നിന്നുള്ള കാര്യങ്ങൾ
   * അതിശയോക്തി കലർത്തൽ
   * ഇല്ലാത്ത കാര്യങ്ങൾ പറയൽ
   * ഉള്ളതു ഉള്ളതുപോലെ പറയൽ

Score

4. "ദുഷ്കരമായിട്ടൊന്നുമില്ല കേൾ
മത്സഹായമുണ്ടായാലേവനും."

(പ്രലോഭനം)

ഈ വരികളുടെ ആശയത്തിന് ഏറ്റവും യോജിച്ചത് കണ്ടെത്തുക ?

* നളനെ ജയിക്കാൻ സാധിക്കില്ല.
* കലിയുടെ സഹായം ഉണ്ടെങ്കിൽ ഏതൊരാൾക്കും പ്രയാസമായിട്ടൊന്നുമില്ല.
* കലിയെ ഒരിക്കലും തോല്പിക്കാനാവില്ല.
* പുഷ്കരന് എല്ലാം ദുഷ്കരമാണ്.

5. "ഭാവശാലികൾ പിരിഞ്ഞുകൂടിയാ-
ലീവിധം വികലമാം സുഖോദയം"

'സുഖോദയം' എന്ന പദത്തിന്റെ ശരിയായ വിഗ്രഹരൂപം എഴുതുക.

* സുഖവും ഉദയവും
* സുഖം കൊണ്ടുള്ള ഉദയം
* സുഖത്തിന്റെ ഉദയം
* സുഖത്തിലെ ഉദയം

**6 മുതൽ 8 വരെ ചോദ്യങ്ങളിൽ 2 എണ്ണത്തിന് രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക.** 2x2=4

6. "അറിവേനടുത്തുനി-
ന്നറിവേൻ : ഭൂമിക്കൊപ്പം
അഴലിൻ ചുമടുമാ-
യിരിക്കുമൊരമ്മയെ!"

**(മൈക്കലാഞ്ജലോ, മാപ്പ്)**

**'ഭൂമിക്കൊപ്പം അഴലിൻ ചുമടുമായിരിക്കുമൊരമ്മയെ!' എന്ന വരികളിൽ തെളിയുന്ന അർഥ സൂചനകളിൽ രണ്ടെണ്ണം എഴുതുക.**

7. "ദിവസം മുഴുവനും അലഞ്ഞു നടന്ന് വാരിക്കൂട്ടുന്ന ചവറിന്റെ തൂക്കവും വിലയുമെങ്കിലുമുണ്ടോ ഞങ്ങളെപ്പോലുള്ള മനുഷ്യർക്ക് ?"

**(അക്കർമാശി)**

ഈ വരികളിലൂടെ വ്യക്തമാകുന്ന സാമൂഹിക ജീവിതാവസ്ഥകൾ എന്തെല്ലാം ?

8. "ഈ യുഗത്തിന്റെ സാമൂഹ്യശക്തി ഞാൻ മായുകില്ലെന്റെ ചൈതന്യവീചികൾ !"

**(അശ്വമേധം)**

ഈ വരികളിൽ പ്രകടമാകുന്ന ആത്മവിശ്വാസത്തിന്റെ കാരണം കണ്ടെത്തി എഴുതുക.

Score

9 മുതൽ 14 വരെ ചോദ്യങ്ങളിൽ 5 എണ്ണത്തിന് ഉത്തരമെഴുതുക. (അരപ്പുറം വീതം) 5x4=20

9. "അയാൾ വിചാരിച്ചു - അന്ന് അദ്ദേഹമുണ്ടായിരുന്ന ആ നല്ലകാലത്തെങ്ങും ഇത്ര അടുപ്പമുണ്ടാവാതിരുന്നതെന്തേ ?"
"അദ്ദേഹത്തിനുവേണ്ടി രൂപപ്പെടുത്തിയതാണ് എന്റെ ജീവിതം. മറ്റാർക്കുമതിൽ ഇടമില്ലായിരുന്നു. അതു കൊണ്ടാണ് ഞാൻ തനിച്ചു താമസിക്കാനിഷ്ടപ്പെടുന്നത്"

**(വിശ്വരൂപം)**

മിസ്സിസ് തലത്തിന്റെയും സുധീറിന്റെയും ചിന്തകളിൽ കടന്നുവരുന്ന ഡോ. തലത്തിനെക്കുറിച്ചുള്ള ഓർമ്മകൾ കുറിക്കുക.

10. "മനുഷ്യ ചരിത്രത്തിൽ യുദ്ധം വരുത്തിവയ്ക്കുന്ന ഭയങ്കരദുരന്തത്തെ എടുത്തു കാണിപ്പാൻ വേണ്ടിയാണ് ഭാരതേതിഹാസം രചിക്കപ്പെട്ടതെന്നു തീർത്തുപറയാൻ സംശയിക്കേണ്ടതില്ല"

**(യുദ്ധത്തിന്റെ പരിണാമം)**

പ്രസ്താവനയോട് പ്രതികരിച്ച് നിങ്ങളുടെ നിരീക്ഷണം കുറിക്കുക.

11. "ദേഹം നിമിത്ത മഹം ബുദ്ധികൈക്കൊണ്ടു മോഹം കലർന്നു ജന്തുക്കൾ നിരൂപിക്കും"

**(ലക്ഷ്മണസാന്ത്വനം)**

ദേഹം നിമിത്തമുണ്ടാകുന്ന മഹാമോഹത്തെക്കുറിച്ചുള്ള എഴുത്തച്ഛന്റെ അഭിപ്രായങ്ങൾ വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

12. "സഹിക്കാനൊന്നുമില്ലാത്ത ജീവിതം യഥാർഥത്തിൽ ജീവിതമാണോ ?"
"ഓരോ ദുരന്തവും ജീവിതത്തെ കൂടുതൽ സ്നേഹിക്കാനാണ് എന്നെ പഠിപ്പിച്ചത്."

**(ആത്മാവിന്റെ വെളിപാടുകൾ)**

ദസ്തയേവ്സ്കിയുടെ ജീവിതവുമായി ബന്ധപ്പെടുത്തി മുകളിൽ തന്നിരിക്കുന്ന വാക്യങ്ങൾ വിശകലനം ചെയ്യുക.

13. "രണ്ടു വാക്കുകൾ മാത്രം. രണ്ടു വാക്കുകൾക്കിടയ്ക്കു സാന്ത്വനത്തിന്റെ നിറവ്. വെള്ളായിയപ്പൻ നടന്നു."
"രണ്ടു വാക്കുകൾ മാത്രം. രണ്ടു വാക്കുകൾക്കിടയ്ക്ക് ദുഃഖത്തിൽ, മൗനത്തിൽ, അച്ഛനും മകനും അറിവുകൾ കൈമാറി."

**(കടൽത്തീരത്ത്)**

ചെറുവാക്യങ്ങളും അർത്ഥ സാന്ദ്രമായ പദങ്ങളും കഥാസന്ദർഭത്തെ ആകർഷകമാക്കുന്നത് എങ്ങനെയെന്ന് നിരീക്ഷിച്ച് കുറിപ്പ് തയ്യാറാക്കുക.

14. "ഞാൻ നിങ്ങൾക്കു മെഴുതിരിക്കാലുകൾ തന്നുവല്ലോ ; മറ്റുള്ളവയെപ്പോലെത്തന്നെ അവയും കട്ടിവെള്ളിയാണ് ; നിശ്ചയമായും നിങ്ങൾക്ക് അവയിൽ നിന്ന് ഇരുനൂറു ഫ്രാങ്ക് കിട്ടും."

**(പാവങ്ങൾ)**

മെത്രാൻ ഇങ്ങനെ പ്രതികരിക്കാനിടയായ സാഹചര്യം വ്യക്തമാക്കുക.

Score

15 മുതൽ 17 വരെ ചോദ്യങ്ങളിൽ 2 **എണ്ണത്തിന് ഉത്തരമെഴുതുക.** 2x6=12

15. "**(ശകുന്തളയുടെ കാൽക്കൽ വീണിട്ട്)** തെല്ലും ഞാൻ തള്ളിയെന്നുള്ളൊരു
പരിഭവമുൾക്കൊള്ളൊലാ വല്ലഭേ! നീ;"

**(ഋതുയോഗം)**

ഉന്നതമായ അവസ്ഥയിൽ ആയിരുന്നിട്ടും തന്റെ തെറ്റ് തിരിച്ചറിഞ്ഞ് ക്ഷമചോദിക്കുന്ന രാജാവ്. പാഠഭാഗത്തിലെ മറ്റു സന്ദർഭങ്ങളും പരിഗണിച്ച് ദുഷ്ഷന്തൻ എന്ന കഥാപാത്രത്തെ നിരൂപണം ചെയ്യുക.

16. "മഞ്ഞും തിമിരവും ചേർന്ന് ഇതളുകൾ നൽകിയ വെളിച്ചത്തിന്റെ ഒറ്റബിന്ദു, ഒരേയൊരു വെളുത്ത പൂ വെച്ച ഏകാന്തമായ ശവകുടീരമാക്കി വീടിനെ മാറ്റിക്കാണിച്ചു."

**(ഉരുളക്കിഴങ്ങ് തിന്നുന്നവർ)**

ഇത്തരം വാങ്മയ ചിത്രങ്ങൾ കഥയെ ആകർഷകമാക്കുന്നുണ്ട്. തന്നിരിക്കുന്ന കഥാസന്ദർഭവും പാഠഭാഗവും വിശകലനം ചെയ്ത് കഥയെ ആസ്വാദ്യമാക്കുന്നതിൽ വാങ്മയ ചിത്രങ്ങൾക്കുള്ള പ്രാധാന്യത്തെക്കുറിച്ച് ഉപന്യാസം തയ്യാറാക്കുക.

17. കവിതയുടെ പ്രമേയം, പ്രയോഗഭംഗി, ഭാവം, ശബ്ദഭംഗി തുടങ്ങിയവ പരിഗണിച്ച് ആസ്വാദനം തയ്യാറാക്കുക.

**ഉപ്പ്**

"പ്ലാവില കോട്ടിയ കുമ്പിളിൽ തുമ്പതൻ-
പൂവുപോലിത്തിരിയുപ്പുതരിയെടു-
ത്താവി പാറുന്ന പൊടിയരിക്കഞ്ഞിയിൽ
തൂവി പതുക്കെപ്പറയുന്നു മുത്തശ്ശി :"
"ഉപ്പു ചേർത്താലേ രുചിയുള്ളൂ ! കഞ്ഞിയിൽ
ഉപ്പുതരിവീണലിഞ്ഞു മറഞ്ഞുപോം-
മട്ടിലെന്നുണ്ണീ ! നിൻ മുത്തശ്ശിയും നിന്ന-
നിൽപ്പിലൊരുനാൾ മാഞ്ഞുപോം !
എങ്കിലും,
നിന്നിലെയുപ്പായിരിക്കുമെ മുത്തശ്ശി-
യെന്നും ! എന്നുണ്ണിയെവിട്ടെങ്ങുപോകുവാൻ !"

**(ഒ.എൻ.വി. കുറുപ്പ്)**

-o O o-